# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5627 — 27.10.2011 ൽ മറുപടിയ്ക്ക്

**ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ നോംസിലെ പോരായ്മകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്കുകളെ ദോഷകരമായി ബാധിക്കുന്ന ക്ലാസ്സിഫിക്കേഷൻ നോംസിലെ പോരായ്മകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ക്ലാസിഫിക്കേഷൻ നോംസ് പുനർനിർണ്ണയിച്ചുകൊണ്ടുള്ള സർക്കാറിന്റെ 26.02.2011 ലെ ജി.ഒ. (പി) നം. 37/2011/സഹ നമ്പർ നോട്ടിഫിക്കേഷൻ പുറപ്പെട്ടുവിക്കുന്നതിന് മുൻപ് ടി നോംസിന്റെ കരട് പ്രസിദ്ധീകരിക്കുകയും നിർദ്ദേശങ്ങളും തടസ്സവാദങ്ങളും ക്ഷണിക്കുകയും ചെയ്തിരുന്നു. ക്ലാസിഫിക്കേഷൻ നോംസിന്റെ വ്യവസ്ഥകളെ സംബന്ധിച്ച് ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സംഘടനകൾ സർക്കാർ മുമ്പാകെ സമർപ്പിച്ച നിവേദനങ്ങൾ 07.07.2011 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചർച്ച ചെയ്യുകയും ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിന് 2011 ഡിസംബർ മാസം വരെ ദീർഘിപ്പിക്കാനും മാനദണ്ഡങ്ങളിൽ പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കാനും തീരുമാനിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) സർക്കാരിന്റേയും സർക്കാർ നിയന്ത്രിത പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിശ്ചിത ശതമാനം ഇടപാടുകൾ ജില്ലാ സഹകരണ ബാങ്കുകൾ വഴി നടത്താൻ നടപടികൾ സ്വീകരിക്കുമോ? | (ബി) പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ